ആലപ്പുഴ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളേതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി.-യുടെ നിർമ്മാണ പ്രവൃത്തികൾ നിലവിലില്ല.

**കൃഷിക്കാരുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ**

55(6580) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയിലെ കൃഷിക്കാരുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാബല്യത്തിലുള്ള നിയമങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

1. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് (2019-ലെ 26-ാം ആക്ട്)

2. 2006-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് (2007-ലെ 1-ാം ആക്ട്)

3. 2005-ലെ കേരള കിസാൻ പാസ് ബുക്ക് ആക്ട് (2005-ലെ 47-ാം ആക്ട്)

4. കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008

5. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985)

6. ദി ഇൻസെക്ടിസൈഡ് ആക്ട് (1968)

(ബി) ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായും കാർഷികവൃത്തിയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്ന ആക്റ്റാണ്.

2. 2006-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരമുള്ളതും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുവേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും മറ്റും വ്യവസ്ഥ ചെയ്യുന്നതാണ് ഈ ആക്ട്.

3. 2005-ലെ കേരള കിസാൻ പാസ് ബുക്ക് ആക്ട് ഒരു റവന്യൂ എസ്റ്റേറ്റിലെ കർഷകർ അവരുടെ കാർഷിക ഭൂമി സംബന്ധിച്ച അവകാശരേഖകളും ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന കിസാൻ പാസ് ബുക്ക് നൽകുന്നതിനും വായ്പാ സൗകര്യങ്ങൾ വിനിയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ആക്ട്.

4. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008 കേരള സംസ്ഥാനത്തെ കാർഷികരംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുംവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമാണ് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008 പ്രാബല്യത്തിൽ വരുത്തിയത്.

5. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985)-ശരിയായ സമയത്തും കർഷകർക്ക് ശരിയായ വിലയിലും ശരിയായ ഗുണനിലവാരമുള്ള വളങ്ങളുടെ മതിയായ ലഭ്യത ഉറപ്പാക്കുന്നതിന്, രാജ്യത്തെ രാസവളങ്ങളുടെ നിയന്ത്രണം, വ്യാപാരം, വില, ഗുണനിലവാരം, വിതരണം എന്നിവ നിയന്ത്രിക്കുന്നതിന് 1955-ലെ അവശ്യവസ്തുക്കളുടെ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം വളം ഒരു അവശ്യ ചരക്ക്, വളനിയന്ത്രണ ഉത്തരവായി (എഫ്.സി.ഒ.) പ്രഖ്യാപിച്ചു. വളം നിർമ്മാതാക്കൾ, ഇറക്കുമതി ചെയ്യുന്നവരും ഡീലർമാരും നിർബന്ധിത രജിസ്ട്രേഷന്, രാജ്യത്ത് നിർമ്മിച്ച് ഇറക്കുമതി ചെയ്യുകയും വിൽക്കുകയും ചെയ്യുന്ന എല്ലാ വളങ്ങളുടെയും സ്പെസിഫിക്കേഷനുകൾ, വളമിശ്രിതങ്ങളുടെ നിർമ്മാണം, വളം ബാഗുകളിൽ പാക്കിംഗ്, അടയാളപ്പെടുത്തൽ, എൻഫോഴ്സ്മെന്റ് ഏജൻസികളെ നിയമിക്കുക, ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുക, നിലവാരമില്ലാത്ത/വ്യാജ/മായം കലർന്ന വളങ്ങളുടെ നിർമ്മാണം/ഇറക്കുമതി, വില്പന എന്നിവയ്ക്ക് നിരോധനവും എഫ്.സി.ഒ. വ്യവസ്ഥ ചെയ്യുന്നു.

6. ദി ഇൻസെക്ടിസൈഡ് ആക്ട് (1968) മനുഷ്യർക്കും മൃഗങ്ങൾക്കുമുണ്ടാകുന്ന അപകടസാധ്യത തടയുന്നതിനും കീടനാശിനികളുടെ ഇറക്കുമതി, നിർമ്മാണം, വില്പന, ഗതാഗതം, വിതരണം, ഉപയോഗം എന്നിവയുടെ നിയന്ത്രണത്തിനുമായി 'കീടനാശിനി നിയമം, 1968' (1968-ലെ നമ്പർ 46) എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളും പാർലമെന്റ് നടപ്പാക്കി.

LIBRARY ARCHIVES Kerala Legislative Assembly